# KNANAYA CATHOLIC REGION

## ST. THOMAS SYRO-MALABAR CATHOLIC DIOCESE OF CHICAGO

**Vicar General and Knanaya Regional Director: Rev. Fr. Thomas Mulavanal**

541 N Willow Rd, Elmhurst, IL 60126. (310) 709 5111

mulavan@hotmail.com www.knanayaregion.us


Circular: 04/2016 April 23, 2016

ബഹുമാനപ്പെട്ട അച്ചാ, പ്രിയ സഹോദരങ്ങളേ,

“സ്വർഗ്ഗീയ പിതാവിനെപ്പോലെ കരുണയുള്ളവരാകുവാനുള്ള” ജൂബിലി വർഷാഹ്വാനത്തോട് വിശ്വാസ ജീവിതംകൊണ്ട് പ്രതികരിക്കുന്ന കാലഘട്ടമാണല്ലോ ഇത്. പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ ആഹ്വാനം ചെയ്തതുപോലെ കരുണയുടെ മുഖമായി ജീവിക്കുവാൻ ഉതകുന്ന നമ്മുടെ എല്ലാ പരിശ്രമങ്ങളും വിജയം വരിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

നോർത്തമേരിക്കയിലെ ക്നാനായ ജനത്തിന് വലിയ അഭിമാനം പകർന്ന ദിനമാണ് 2006 ഏപ്രിൽ 28. അന്നാണ് അഭി. ജയ്ക്കബ് അങ്ങാടിയത്ത് പിതാവ്, ചിക്കാഗോ സീറോ മലബാർ രൂപതയുടെ അജപാലന പരിധിയിൽ വരുന്ന ക്നാനായ ജനത്തിൻെറ അജപാലന പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നതിനായി ഒരു ക്നാനായ റീജിയൻ സ്ഥാപിച്ചു തന്നതും ക്നാനായ വികാരി ജനറാളിനെ അതിൻെറ ചുമതല ഏൽപിച്ചതും. അന്ന് നിലവിലുണ്ടായിരുന്ന ക്നാനായ മിഷനുകളുടെ ചുമതല മാത്രമല്ല, മിഷനുകൾ സ്ഥാപിതമായിട്ടില്ലാത്ത എല്ലാസ്ഥലങ്ങളിലുമുള്ള ക്നാനായക്കാരുടെ അജപാലന കാര്യങ്ങൾക്ക് ക്രമീകരണം ചെയ്തുകൊടുക്കുവാനുള്ള വ്യക്തിഗതമായ നേതൃത്വമാണ് റീജിയണൽ ഡയറക്ടർക്ക് രേഖാമൂലം നൽകിയത്. അജപാലന വളർച്ചയും കൂട്ടായ്മയും ലക്ഷ്യം വച്ച് അഭിവന്ദ്യ പിതാവ് സ്ഥാപിച്ചുതന്ന ക്നാനായ റീജിയൻെറ നേതൃത്വത്തിൽ നമ്മുടെ സമുദായം കൈവരിച്ച നേട്ടങ്ങൾ വളരെ വലുതാണ്.

റീജിയൻ സ്ഥാപനത്തിനുശേഷം, റീജിയൻ ഡയറക്ടറുടേയും സഹപ്രവർത്തകരായ വൈദികരുടേയും സഭാത്മക കാഴ്ചപ്പാടുകളോടെ പ്രവർത്തിച്ച സമുദായാംഗങ്ങളുടേയും നേതൃത്വത്തിൽ ക്നാനായ മിഷനുകൾ സജീവമാവുകയും, പുതിയ മിഷനുകൾ സ്ഥാപിക്കപ്പെടുകയും, വിശ്വാസപരിശീലനവും സന്നദ്ധശുശ്രൂഷകളും സജീവമാവുകയും ചെയ്തപ്പോൾ ഇടവക രൂപീകരണത്തിലേയ്ക്ക് വളരുവാനും സ്വന്തമായ ദൈവാലയങ്ങൾ സ്ഥാപിക്കപ്പെടാനും കാരണമായി. പൈതൃകമായി നമുക്കുലഭിച്ച വിശ്വാസവും പാരമ്പര്യങ്ങളും വളർത്തിയെടുക്കുവാനുള്ള നമ്മുടെ ആഗ്രഹം ദൈവം അനുഗ്രഹമാക്കി മാറ്റിയപ്പോൾ 5 ഫൊറോനകളിലായി, 12 ഇടവകകളും, 9 മിഷനുകളും, 8 വൈദിക മന്ദിരങ്ങളും, 6 ദൈവാലയങ്ങൾക്ക് സ്വന്തമായ സെമിത്തേരികളും, 2 കോൺവെൻറുകളും, 17 ക്നാനായ വൈദികരുടെ അജപാലന നേതൃത്വവും ക്നാനായ റീജിയനിലുണ്ടായി. ഏകദേശം 3000 കുട്ടികൾ നമ്മുടെ ഇടവകകളിലും മിഷനുകളിലുമായി വിശ്വാസ പരിശീലനം നടത്തുന്നു.

ക്നാനായ റീജിയൻ സ്ഥാപനത്തിൻെറ പത്താം വാർഷികം ആചരിക്കുന്ന ഈ വേളയിൽ ഈ ചെറിയ അജഗണത്തിൻെറ സഭാപരവും സാമുദായികവുമായ വളർച്ചയ്ക്കു ദൈവം ഒരുക്കിതന്ന അവസരങ്ങളെ ഓർത്ത് നമുക്ക് കൃതജ്ഞതയർപ്പിക്കാം. പരിമിതമായ അജപാലനസൗകര്യങ്ങളുടെ മദ്ധ്യത്തിലും അജപാലനകേന്ദ്രങ്ങൾ വളർത്തിയെടുക്കുവാൻ ത്യാഗങ്ങൾ ഏറ്റെടുത്ത നിങ്ങൾ ഓരോരുത്തരേയും നിങ്ങളോടൊപ്പം നിന്ന് നേതൃത്വം നൽകിയ ബഹുമാനപ്പെട്ട വൈദികരേയും സാഹചര്യങ്ങൾ ഒരുക്കിതന്ന

അഭിവന്ദ്യ പിതാക്കന്മാരേയും ഇത്തരുണത്തിൽ ഞാൻ നന്ദിയോടെ ഓർക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു.

നാമെല്ലാം ആഗഹിക്കുന്നതായ നമ്മുടെ സ്വന്തമായ രൂപതാസംവിധാനവും സമുദായത്തിൻെറ സമഗ്രവികസനവും ദൈവം ആഗ്രഹിക്കുന്ന സമയത്തും സ്ഥലത്തും സംജാതമാകുന്നതിന് കൂട്ടായ പ്രാർത്ഥന നമുക്കിന്ന് ഏറെ ആവശ്യമാണ്. നിലവിലുള്ള സഭാസംവിധാനങ്ങളെ പ്രയോജനപ്പെടുത്തി കൂട്ടുത്തരവാദിത്വവും, ഐക്യവും, അനുരജ്ഞനവും നിലനിർത്തിവേണം ലക്ഷ്യത്തിലേയ്ക്ക് പ്രയാണം ചെയ്യുവാൻ. അജപാലന സംവിധാനങ്ങൾ വിപുലപ്പെടുത്തുവാനും സഭാത്മകജീവിതം സജീവമാക്കുവാനും ഉതകുന്ന ഒട്ടേറെകാര്യങ്ങൾ വളർത്തിയെടുക്കുവാൻ സാഹചര്യം ഒരുക്കണമെന്ന് വിവിധതലങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ ഉയരുന്നുണ്ട്. സ്വതന്ത്രമായ അജപാലന ക്രോഡീകരണങ്ങൾക്ക് ഉതകുന്ന ഓഫീസ് സൗകര്യങ്ങൾ സജീകരിച്ചെങ്കിലേ റീജിയൻെറ പ്രവർത്തനങ്ങൾ കുറേകൂടി സജീവമാക്കുവാൻ സധിക്കൂ. അജപാലന പ്രവർത്തനങ്ങൾ ഫലപ്രദമാക്കുവാൻ നമ്മുടെ എല്ലാവരുടേയും കൂട്ടായ പ്രവർത്തനങ്ങളും പ്രാർത്ഥനകളും വഴിയൊരുക്കും എന്നതിൽ സംശയമില്ല. നാളിതുവരെ കൈപിടിച്ചു നടത്തിയ കർത്താവിലുള്ള ആശ്രയം പൈതൃക പാരമ്പര്യങ്ങൾ ലോകാന്ത്യത്തോളം കാത്തുസൂക്ഷിക്കുവാൻ നമ്മെ സഹായിക്കും. അതിനാൽ ഈ കാരുണ്യവർഷത്തിൽ സഭയുടേയും സമുദായത്തിൻേറയും പുരോഗതിയിൽ നമുക്ക് പ്രത്യാശയുള്ളവരാകാം.

ക്നാനായ റീജിയൻെറ പത്താം വാർഷികത്തോടനുബന്ധിച്ച് മെയ് ഒന്നാം തിയതി ഞായറാഴ്ച നമ്മുടെ ഇടവകകളിലും മിഷനുകളിലും കൃതജ്ഞതാബലി അർപ്പിക്കുകയും, റീജിയൻെറ വളർച്ചയ്ക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. റീജിയൻെറ പ്രവർത്തനങ്ങൾക്ക് സഹായകമാകുവാൻ ഒരു സൺഡേ കളക്ഷൻ നമ്മുടെ മിഷനുകളിലും ഇടവകകളിലും റീജിയൻ ദിനാചരണത്തോടനുബന്ധിച്ച് ശേഖരിച്ച് അയക്കുന്നത് ഏതാനും വർഷങ്ങളായി നമ്മൾ തുടരുന്നുണ്ടല്ലോ. നമ്മുടെ സഭാത്മക വളർച്ചയെ മുന്നിൽകണ്ട്, സാധിക്കുന്ന എല്ലാവരും കുടുംബത്തിലെ ഒരു ദിവസത്തെ വരുമാനം ഈ നിയോഗത്തിനായി സമർപ്പിച്ചാൽ അത് നമ്മുടേതായ സംവിധാനങ്ങൾ രൂപപ്പെടുത്തിയെടുക്കുവാൻ വലിയ സഹായമാകും. ബഹുമാനപ്പെട്ട വൈദികരും കൈക്കാരന്മാരും ഇക്കാര്യത്തിൽ മുൻകൈയെടുത്ത് റീജിയനുവേണ്ടി സമാഹരിക്കുന്ന തുക മെയ് മാസത്തിൽ തന്നെ റീജിയൻ ഓഫീസിൽ എത്തിക്കണമെന്ന് താൽപര്യപ്പെടുന്നു.

ക്നാനായ സമുദായത്തിൻെറ വളർച്ചയ്ക്കുവേണ്ടി നിങ്ങൾ ചെയ്യുകൊണ്ടിരിക്കുന്ന എല്ലാ സേവനങ്ങൾക്കും നന്ദി പ്രകാശിപ്പിച്ചുകൊണ്ടും ഈശോയുടെ കരുണാദ്രഹൃദയത്തിൽ നിങ്ങളോരോരുത്തരേയും പ്രതിഷ്ഠിച്ചുകൊണ്ടും

സ്നേഹത്തോടെ,



റവ. ഫാ. തോമസ് മുളവനാൽ
വികാരി ജനറാൾ / ക്നാനായ റീജിയൻ ഡയറക്ടർ

NB: ഈ സർക്കുലർ അടുത്ത ഞായറാഴ്ച പള്ളിയിൽ വായിക്കേണ്ടതാണ്.